# പറന്നകലുന്നവർ...

Mathrubhumi 15.01.18

ടി.എസ്. ധന്യ
dhanyasumanmbi@gmail.com

വിരുന്നുകാരായ ദേശാടനപ്പക്ഷികൾ കോൾപ്പാടങ്ങളിൽനിന്ന് പറന്നകലുകയാണ്. തനത് ആവാസവ്യവസ്ഥകളിലുണ്ടായ കടന്നുകയറ്റവും പരിസ്ഥിതിവ്യതിയാനവുമെല്ലാം ദേശാടനപ്പക്ഷികളുടെ വഴിമുടക്കുന്നു. ഏഷ്യൻ വാട്ടർബേഡ് കൗണ്ടിന്റെ ഭാഗമായി ജനുവരിമാസത്തിൽ തൃശ്ശൂർ, പൊന്നാനി കോൾപ്പാടങ്ങളിൽ നടത്തിയ സർവേയിൽ ദേശാടനപ്പക്ഷികളുടെ എണ്ണം കുറയുന്നതായാണ് കണ്ടെത്തൽ.


വർണക്കൊക്ക്

## വഴിമാറി പറക്കുന്നവർ

77 വർഗങ്ങളിലായി 29,805 പക്ഷികളെയാണ് ഈവർഷത്തെ സർവേയിൽ കോൾപ്പാടങ്ങളിൽനിന്ന് കണ്ടെത്തിയത്. കഴിഞ്ഞവർഷം 74 ഇനങ്ങളിലായി 48,312 പക്ഷികളെയാണ് കണ്ടെത്തിയത്. 18,507 പക്ഷികളുടെ എണ്ണം കുറവാണ് ഇക്കുറി. താറാവുകളുടെ ഇനത്തിൽപ്പെട്ട എരണ്ട, നീർകാക്ക, മുണ്ടി (വെള്ളക്കൊക്ക്) എന്നീ പക്ഷികളുടെ എണ്ണത്തിലാണ് ഗണ്യമായ കുറവുണ്ടായത്. 2016-ൽ 31,781 പക്ഷികളെയും 2015-ൽ 55,144 പക്ഷികളെയുമാണ് കണ്ടെത്തിയത്. അടാട്ട്, ഏനാമാവ്, പാലയ്ക്കൽ, തൊമ്മാന, മുള്ളൂർക്കായൽ, മനക്കൊടി, പുല്ലഴി, ബിയ്യം കായൽ, ഉപ്പുങ്ങൽ, മാറഞ്ചേരി എന്നിവിടങ്ങളിലെ കോൾപ്പാടങ്ങളെ കേന്ദ്രീകരിച്ചാണ് സർവേ നടത്തിയത്. ഈ പ്രദേശങ്ങളിലായി 13,000 ഹെക്ടർ കോൾപ്പാടങ്ങളുണ്ട്.


പുള്ളിച്ചുണ്ടൻ താറാവ്

## ഇ-ബേഡിലൂടെ ഡിജിറ്റൈസേഷൻ

മുൻവർഷങ്ങളിൽ കടലാസുകളിൽ എഴുതിവെച്ച് ഫയൽ ചെയ്യുന്ന സമ്പ്രദായമായിരുന്നു. എന്നാൽ ഈവർഷം ഇ-ബേഡ് എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് വിവരങ്ങളെല്ലാം ഡിജിറ്റൈസ് ചെയ്തു. ഈ വിവരങ്ങൾ പൊതുജനങ്ങൾക്ക് പ്രാപ്യവുമാണ്. കേരള വനംവകുപ്പ്, കാർഷിക സർവകലാശാല, പക്ഷിനിരീക്ഷകരുടെ കൂട്ടായ്മയായ കോൾ ബേഡേഴ്സ് എന്നിവർ ചേർന്നാണ് സർവേ നടത്തിയത്. ആലപ്പുഴ നാച്വറൽ ഹിസ്റ്ററി സൊസൈറ്റി, ബേഡേഴ്സ് എഴുപുന്ന, കാർഷിക സർവകലാശാലയിലെ ചില്ല നാച്വർ ക്ലബ്ബ്, കൊച്ചിൻ നാച്വറൽ ഹിസ്റ്ററി സൊസൈറ്റി, കാസർകോട് ബേഡേഴ്സ്, കേരള ബേഡേഴ്സ്, കിഡൂർ ബേഡേഴ്സ്, കോട്ടയം നാച്വർ സൊസൈറ്റി, മലബാർ നാച്വറൽ ഹിസ്റ്ററി സൊസൈറ്റി, മലപ്പുറം ബേഡേഴ്സ്, ഇന്ത്യൻ ബേഡ് കൺസർവേഷൻ നെറ്റ്‌വർക്ക്, ബേഡ് കൗണ്ട് ഇന്ത്യ ആൻഡ് ദി സെൻറർ ഫോർ വൈൽഡ് ലൈഫ് സ്റ്റഡീസ്, കോളേജ് ഓഫ് ഫോറസ്ട്രി തുടങ്ങിയവരും സർവേയിൽ സഹകരിച്ചു. എ.ഡബ്ല്യു.സി. കേരള സ്റ്റേറ്റ് കോ-ഓർഡിനേറ്ററും കാർഷിക സർവകലാശാല വന്യജീവിവിഭാഗം പ്രൊഫസറുമായ ഡോ. പി.ഒ. നമീർ, കെ.ജി. ദിലീപ്, എസ്. രാജു, ഇ.എസ്. ജയചന്ദ്രൻ, ഷിനോ ജേക്കബ്, കെ. മുകുന്ദൻ, ആർ. പ്രേംചന്ദ്, വിഷ്ണു കർത്താ, മനോജ് കരിങ്ങാമഠത്തിൽ തുടങ്ങിയവരാണ് സർവേക്ക് നേതൃത്വം നൽകിയത്. 11 സംഘങ്ങളായി 170-ൽ അധികം പേരാണ് സർവേ നടത്താനിറങ്ങിയത്. ജനകീയപങ്കാളിത്തം ഇക്കുറി കൂടുതലായിരുന്നു.


കോൾപ്പാടങ്ങളിൽ സർവേ നടത്താനിറങ്ങിയവർ

## ആവാസവ്യവസ്ഥ നഷ്ടപ്പെടുന്നു

പാടങ്ങളിലെ നിർമാണപ്രവർത്തനങ്ങൾ പക്ഷികളുടെ വരവിനെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന് പക്ഷിനിരീക്ഷകർ സമ്മതിക്കുന്നു. വാസസ്ഥലങ്ങളിൽ ആളുകളെത്തുമ്പോൾ ഇവ ഉൾപ്രദേശങ്ങളിലേക്ക് യാത്രയാവും. നിയമം ലംഘിച്ച് കോൾപ്പാടങ്ങളിൽ നടത്തുന്ന കെട്ടിടനിർമാണങ്ങൾ പക്ഷികളുടെ ആവാസവ്യവസ്ഥ തകർക്കുന്നു. ജലലഭ്യതക്കുറവും മറ്റൊരു കാരണമാണ്. തൃശ്ശൂരിലെ അടാട്ട്, ഏനാമാവ്, പുല്ലഴി കോൾപ്പാടങ്ങളിൽ നെല്ല് മുളച്ചു തുടങ്ങിയതിനാൽ ഈ പ്രദേശങ്ങളിലേക്ക് ഇരതേടാൻ പക്ഷിക്കൂട്ടമെത്തുന്നത് കുറവാണെന്ന് ഡോ. പി.ഒ. നമീർ പറഞ്ഞു. ഈ നെൽച്ചെടികൾക്കിടയിൽ പക്ഷികൾ ഇരുന്നാലും കണ്ടെത്താനാവില്ല. മലപ്പുറം മാറഞ്ചേരിയിൽ കൃഷി തുടങ്ങിയിട്ടുമില്ല.


പവിഴക്കാലി


മുഴയൻതാറാവ്


കൊമ്പൻ കുയിൽ


വാലൻ എരണ്ട


വെള്ളിക്കറുപ്പൻ

### കോൾപ്പാടങ്ങളിലെ ദേശാടനപ്പക്ഷികളുടെ കണക്ക്

| പക്ഷികൾ | 2015 | 2016 | 2017 | 2018 |
|---|---|---|---|---|
| മുങ്ങാങ്കോഴി | 19 | 19 | 105 | 16 |
| കിന്നരി നീർകാക്ക | 603 | 325 | 843 | 943 |
| ചെറിയ നീർകാക്ക | 3648 | 2009 | 4751 | 2274 |
| വലിയ നീർകാക്ക | 2 | 15 | 0 | 0 |
| ചേരക്കോഴി | 346 | 105 | 139 | 120 |
| തിരിച്ചറിയാത്ത നീർകാക്ക | 5272 | 765 | 973 | 535 |
| പുള്ളിച്ചുണ്ടൻ കൊതുമ്പന്നം | 1 | 0 | 3 | 0 |
| മഞ്ഞക്കൊച്ച | 0 | 2 | 7 | 1 |
| മഴക്കൊച്ച | 2 | 0 | 1 | 0 |
| കരിങ്കൊച്ച | 2 | 0 | 0 | 0 |
| പെരുങ്കൊച്ച | 0 | 0 | 0 | 0 |
| പാതിരാക്കൊക്ക് | 47 | 5 | 42 | 6 |
| കുളക്കൊക്ക് | 2402 | 1203 | 731 | 1110 |
| തിരമുണ്ടി | 24 | 10 | 0 | 10 |
| ചിന്നമുണ്ടി | 2586 | 2380 | 3743 | 1058 |
| ചെറുമുണ്ടി | 3991 | 1717 | 971 | 1004 |
| ചായമുണ്ടി | 197 | 107 | 83 | 95 |
| ചാരമുണ്ടി | 266 | 57 | 65 | 58 |
| തിരിച്ചറിയാത്ത ഈഗ്രറ്റ് | 6565 | 3818 | 2718 | 4025 |
| ചേരക്കൊക്കൻ | 938 | 735 | 87 | 249 |
| കരിംകൊക്ക് | 102 | 38 | 58 | 43 |
| വർണക്കൊക്ക് | 313 | 329 | 606 | 536 |
| വെൺബകം | 3 | 1 | 3 | 2 |
| കഷണ്ടിക്കൊക്ക് | 679 | 105 | 377 | 142 |
| ചെമ്പൻ അരിവാൾക്കൊക്കൻ | 475 | 10 | 985 | 2084 |
| വലിയ അരയന്നക്കൊക്ക് | 0 | 0 | 0 | 0 |
| ചൂളൻ എരണ്ട | 896 | 1358 | 361 | 140 |
| പുള്ളിച്ചുണ്ടൻ താറാവ് | 79 | 122 | 571 | 98 |
| വാലൻ എരണ്ട | 7730 | 1023 | 2600 | 772 |
| വരി എരണ്ട | 1307 | 2187 | 12,750 | 3799 |
| മുഴയൻ താറാവ് | 1 | 0 | 0 | 3 |
| പട്ടക്കണ്ണൻ എരണ്ട | 0 | 0 | 50 | 20 |